"ഭരണഭാഷ- മാതൃഭാഷ"

C/11495

**കേരള സർക്കാർ**

**ധനകാര്യ (എൻ.പി.എസ് സെൽ) വകുപ്പ്**

**നം.15/2022/ധന** **തിയ്യതി, തിരുവനന്തപുരം, 03.03.2022**

## സർക്കുലർ

വിഷയം:- പങ്കാളിത്ത പെൻഷൻ പദ്ധതി - ജീവനക്കാരുടെ എൻ.പി.എസ് വിഹിതം പ്രാൺ അക്കൗണ്ടിലേക്ക് സമയബന്ധിതമായി അടവാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. സ.ഉ(പി)നം.20/2013/ധന. തിയ്യതി : 07.01.2013

2. സ.ഉ(പി)നം.622/2013/ധന. തിയ്യതി :19.12.2013
3. സർക്കാർ സർക്കുലർ നം.111/2021/ധന. തിയ്യതി : 23.11.2021
4. 22.12.2021 തിയ്യതിയിൽ പി.എഫ്.ആർ.ഡി.എ നടത്തിയ റിവ്യൂ മീറ്റിംഗിന്റെ മിനിട്സ്

സംസ്ഥാനത്ത് കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരുന്ന വിഭാഗങ്ങളിൽ 01/04/2013-നോ അതിനു ശേഷമോ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് സർക്കാർ സൂചന (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ജീവനക്കാർ ജോലിയിൽ പ്രവേശിച്ച് 30 ദിവസത്തിനുള്ളിൽ ജീവനക്കാരുടെ പ്രാൺ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഡി.ഡി.ഒ-യെ ചുമതലപ്പെടുത്തിക്കൊണ്ടും ട്രസ്റ്റി ബാങ്ക് വഴി ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ സുഗമമാക്കുന്നതിനായി സംസ്ഥാനത്തെ എൻ.പി.എസ് ഇടപാടുകളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട അക്കൗണ്ടിംഗ് നടപടിക്രമങ്ങളും സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സൂചന (4) മീറ്റിംഗിന്റെ മിനിട്സിൽ ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് മാസത്തിലെ ആദ്യ 7 ദിവസത്തിനുള്ളിൽ എൻ.പി.എസ് വിഹിതം ക്രഡിറ്റ് ആവുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പി.എഫ്.ആർ.ഡി.എ ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ സൂചന (3) പരിപത്രം പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രാൺ രജിസ്ട്രേഷൻ ഓൺലൈൻ പ്രാൺ ജനറേഷൻ മൊഡ്യൂൾ (OPGM) മുഖേന നടപ്പിലാക്കിയ ശേഷവും വിവിധ വകുപ്പുകളിൽ പ്രവേശിച്ച ജീവനക്കാരുടെ പ്രാൺ രജിസ്ട്രേഷൻ 30 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കാതിരിക്കുന്നതും വിവിധ വകുപ്പുകൾ തങ്ങളുടെ ജീവനക്കാരുടെ ശമ്പള ബില്ല് സമയബന്ധിതമായി ട്രഷറിയിൽ സമർപ്പിക്കാത്തതു മൂലം ശമ്പള മാസത്തിന്റെ ആദ്യ 7 ദിവസത്തിനുള്ളിൽ ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിലേക്ക് എൻ.പി.എസ് വിഹിതം ക്രഡിറ്റ് ലഭിക്കാതിരിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിലേക്ക് എൻ.പി.എസ് വിഹിതം ക്രഡിറ്റ് ചെയ്യുന്നതിന് നേരിടുന്ന കാലതാമസം ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിൽ സമാഹരിക്കപ്പെടുന്ന തുകയെയും തത്ഫലമായി ലഭിക്കേണ്ടുന്ന പെൻഷൻ തുകയെയും പ്രതികൂലമായി ബാധിക്കുന്നതാണ്. മേൽ സാഹചര്യത്തിൽ സമയബന്ധിതമായി ജീവനക്കാരന് പ്രാൺ അക്കൗണ്ടിലേക്ക് എൻ.പി.എസ് വിഹിതം ക്രഡിറ്റ് ലഭിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 75(b)(I)-ൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ സമയബന്ധിതമായി ശമ്പള ബില്ല് ഡി.ഡി.ഒ-മാർ ട്രഷറിയിൽ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട ട്രഷറി ഓഫീസർ ബിൽ പാസ്സാക്കിയ ശേഷം ജീവനക്കാരന്റെ എൻ.പി.എസ് വ്യക്തിഗത വിഹിതത്തിന് തത്തുല്യമായ സർക്കാർ വിഹിതവും ചേർത്ത് ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിലേക്ക് തൊട്ടടുത്ത ദിവസം തന്നെ അടവാക്കേണ്ടതുമാണ്. സമയബന്ധിതമായി എൻ.പി.എസ് വിഹിതം പ്രാൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരിക്കുന്നതു മൂലം ഭാവിയിൽ ജീവനക്കാരനുണ്ടാകാവുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ്.

ഷിബു.എ

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

1. ഡയറക്ടർ (സർവ്വീസസ്), ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ്, മിനിസ്ട്രി ഓഫ് പേഴ്സണൽ, പബ്ലിക് ഗ്രീവൻസസ് ആന്റ് പെൻഷൻ, ഗവൺമെന്റ് ഓഫ് ഇന്ത്യ, നോർത്ത് ബ്ലോക്ക്, സെൻട്രൽ സെക്രട്ടേറിയേറ്റ്, ന്യൂഡൽഹി – 110001
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് – I), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് – II), കേരള, തിരുവനന്തപുരം
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്. തിരുവനന്തപുരം
7. ധനകാര്യ (പെൻഷൻ–എ) വകുപ്പ്
8. മുഴുവൻ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും
9. എല്ലാ വകുപ്പ് മേധാവികൾക്കും
10. സ്റ്റേറ്റ് നോഡൽ ഓഫീസർ www.finance.kerala.gov.in
11. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
12. ജനറൽ മാനേജർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
13. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
14. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
15. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
16. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, തിരുവനന്തപുരം
17. ചീഫ് സെക്രട്ടറി, കേരള സർക്കാർ
18. സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ /ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
19. ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം
20. സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
21. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
22. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
23. മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
24. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
25. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
26. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
27. സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾക്കും
28. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നം. എൻ.പി.എസ്/77495/2022 തീയതി. 05/08/2022

പകർപ്പ് എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജില്ലാ/സബ് ട്രഷറി ഓഫീസർമാരുടെയും അറിവിലേയ്ക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു.

5/8/22

5/8/22

JOINT DIRECTOR
DIRECTORATE OF TREASURIES

85722/2022/CRU TRY

"ഭരണഭാഷ- മാതൃഭാഷ"

25

**കേരള സർക്കാർ**

**നം.2085562/എൻ.പി.എസ്.സി-എ 1/59/2022-ധന**

**ധനകാര്യ (എൻ.പി.എസ് സെൽ) വകുപ്പ്,**

തിരുവനന്തപുരം,

തീയ്യതി : 01/06/2022

ഫോൺ നം. 0471-2517488

ഇ-മെയിൽ - snokerala.fin@kerala.gov.in

website: www.finance.kerala.gov.in

DIRECTORATE OF TREASURIES
21 JUN 2022
THIRUVANANTHAPURAM

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

ട്രഷറി ഡയറക്ടർ,
ട്രഷറി ഡയറക്ടറേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം:- ദേശീയ പെൻഷൻ പദ്ധതി - എൻ.പി.എസ് വിഹിതം സമയബന്ധിതമായി ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിലേക്ക് അടവാക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. താങ്കളുടെ 24.03.2022-ലെ TRY/1148/2022-C NPS2 നമ്പർ കത്ത്
2. 03.03.2022 തിയ്യതിയിലെ സർക്കുലർ നം.15/2022/ധന

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) സർക്കുലർ പ്രകാരം ബന്ധപ്പെട്ട ട്രഷറി ഓഫീസർ ശമ്പള ബിൽ പാസ്സാക്കിയ ശേഷം ജീവനക്കാരന്റെ എൻ.പി.എസ് വ്യക്തിഗത വിഹിതത്തിന് തത്തുല്യമായ സർക്കാർ വിഹിതവും ചേർത്ത് ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിലേക്ക് തൊട്ടടുത്ത ദിവസം തന്നെ അടവാക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കിൽ, ഫയൽ അപ്‌ലോഡിംഗ്, ഫണ്ട് ട്രാൻസ്ഫർ എന്നിവയുടെ സമയപരിധി **T + 2 working days** (ശമ്പള ബിൽ പാസ്സായി തൊട്ടടുത്ത **2** പ്രവൃത്തി ദിവസം കൂടി) ആയി അനുവദിക്കാവുന്നതാണെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി**

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

പുറപ്പെടുവിക്കുവാൻ അംഗീകരിച്ചത്,

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നം. NPS/85722/2022 തീയതി. 05/08/2022

ചെക്ക് എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജില്ലാ/സബ് ട്രഷറി ഓഫീസർമാരുടെയും അറിവിലേക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു.

5/8/22 5/8/22

JOINT DIRECTOR
DIRECTORATE OF TREASURIES